Monthly Newsletter of
THE INDIAN PENTECOSTAL CHURCH OF GOD - BAHRAIN

IPC VOICE

✦ Glorious service in Bahrain since 1956 ✦ Issue No. 93 - July 2025

# സുവിശേഷ പോർക്കളവും ദൈവമക്കളും


Br. Ponnachan Onnoonny

സുവിശേഷം അർത്ഥാൽ നല്ലവാർത്ത (സദ്വർത്തമാനം). പൗലോസ് പറയുന്നു, “ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക, അതാകുന്നു എന്റെ സുവിശേഷം”. (2 Tim 2:8-15). ഈ സുവിശേഷം ദൈവശക്തിയാണ് (1 Cor 1:18). മാനവജാതി മുഴുവനും നിത്യശിക്ഷാവിധി എന്ന ന്യായവിധിക്ക് ഇരയായിതീർന്നപ്പോൾ ദൈവം മനുഷ്യനെ നിത്യരക്ഷയിലേക്ക് നയിക്കുവാൻ ഒരുക്കിയ ഏകമാർഗ്ഗമാണ് സുവിശേഷം (Rom 8:3, Mark 1:15, Rom 6:23, Rom 3:10, 5:12).



ദൈവവചനപ്രകാരം ദൈവരാജ്യമാകുന്ന അഥവാ സുവിശേഷമാകുന്ന ക്രിസ്തുയേശുവിനാൽ അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങൾ ഘോഷിപ്പാൻ തിരഞ്ഞെടുത്ത് വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് മണവാട്ടിസഭ. മണവാളന്റെ ഹിതത്തിനായി ചട്ടപ്രകാരം ദൈവവചന നിവർത്തിപ്രകാരം വ്യത്യസ്ത ശുശ്രുഷകൾക്കായി അണിനിരക്കുന്ന പ്രക്രിയയാണ് സുവിശേഷ പോർക്കളം (1 Peter 2:9, 2 Tim 2:3-5,4:2,5, 7-8). പോർക്കളത്തിൽ ആയിരിക്കുന്ന ദൈവമക്കൾക്ക് ഉണ്ടായിരിക്കേണ്ട ചില പ്രധാനപ്പെട്ട സ്വഭാവ-സവിശേഷതകൾ താഴെ കൊടുക്കുന്നു:

**1. അനുസരണം, സമർപ്പണം (Obedience and Submission):**

ക്രിസ്തു ഇഹലോകത്തിൽ ആയിരുന്നപ്പോൾ പിതാവാം ദൈവത്തിന്റെ ഹിതം പൂർണതയോടെ നിവർത്തിക്കുവാൻ ക്രൂശിലെ മരണത്തോളം അനുസരണവും സമർപ്പണവും ഉള്ളവനായിരുന്നതുപോലെ ദൈവമക്കൾ ക്രിസ്തുവിന്റെ ഇഷ്ടം പൂർണമായി നിവർത്തിക്കേണ്ടതാണ് ഉദാ: അബ്രഹാം ദൈവത്തെ പൂർണമായി അനുസരിച്ചതുകൊണ്ട് ഐശ്വര്യമായ അനുഗ്രഹത്തിന് ഉടമയായിത്തീർന്നു Gen 22:15-18; തന്റെ ഹൃദയത്തിൽ സമർപ്പണവും ഉണ്ടായിരുന്നു. തൽഫലമായി “വിശ്വാസികളുടെ പിതാവും” “ദൈവത്തിന്റെ സ്നേഹിതൻ: എന്ന നാമത്തിനു അർഹനായിത്തീർന്നു.

**2. കൃപയും സത്യവും (Grace and Truth):**

നമ്മുടെ ക്രിസ്തുയേശു കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു (John 1:14). നമ്മുടെ കർത്താവ് കൃപയുടെ ഉറവിടവും സത്യവാനുമാണ് (John 14:6, John 8:32-33, Psalms 25:5,10, Psalms 86:11). ആയതിനാൽ സുവിശേഷ പോർക്കളത്തിൽ നിൽക്കുന്ന ഒരു ഭക്തൻ സത്യവാനായ ക്രിസ്തുവിന്റെ കൃപയും സത്യവും ഉള്ളവനായിരിക്കണം.

**3. തന്നെത്താൻ ത്യജിച്ച് ക്രൂശെടുത്ത് ക്രിസ്തുവിനെ അനുഗമിക്കണം**
**(Let him deny himself, take his cross and follow him):**

കർത്താവ് പറഞ്ഞു, “ഒരുവൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്കട്ടെ” (Mathew 16:24,25,26). കർത്താവ് മാനവകുലത്തിന് വേണ്ടി തന്നെത്താൻ ത്യജിച്ച് കാൽവറി ക്രൂശിൽ തന്റെ സ്വന്തപ്രാണനെ നൽകി നമ്മോടുള്ള സ്നേഹം പ്രദർശിപ്പിച്ചത്പോലെ യഥാർത്ഥ ശിഷ്യത്വത്തിന്റെ ഭാവം നമ്മുടെ ഓരോരുത്തരുടെയും

ജീവിതത്തിൽ പ്രായോഗികമാക്കണം. ഉദാഹരണമായി വിശുദ്ധ പൗലൊസും യോഹന്നാനും എന്ത് കഷ്ടമോ നഷ്ടമോ വന്നാലും തങ്ങളെത്തന്നെ ത്യജിച്ച് ക്രൂശെടുത്ത് ക്രിസ്തുവിനെ അനുഗമിച്ചതുകൊണ്ടു തേജസ്കരിക്കപ്പെട്ട ക്രിസ്തുവിനെ തങ്ങളുടെ കഷ്ടതയിൽ ദർശിപ്പാൻ കഴിഞ്ഞു (Acts 20:14, Galatians 6:14, Philippians 1:21).

**4. സൗമ്യതയും താഴ്മയും (Humbleness and Gentleness):**

കർത്താവ് പറഞ്ഞു, "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റ് എന്നോട് പഠിപ്പീൻ," എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (Mathew 11:29,30) കർത്താവ് ക്രൂശിൽവെച്ച് തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും പീഡിപ്പിക്കപ്പെട്ടു (Isaiah 53:7); ക്രിസ്തുവിന്റെ കാൽകഴുകൽ ശുശ്രൂഷ തികച്ചും താഴ്മയുടെ പ്രതീകമായിരുന്നു (John 13). ഉദാ:- ദാവീദ് പറഞ്ഞു, "നിന്റെ സൗമ്യത എന്നെ വലിയവനാക്കി." മോശയിൽ ഉണ്ടായിരുന്ന സൗമ്യത ക്രിസ്തുവിന്റെ സൗമ്യത ആയിരുന്നു.

**5. പൂർണ്ണവിനയം, ദീർഘക്ഷമ, സഹിഷ്ണത**
**(Lowliness, Longsuffering, and Perseverance) - Eph. 4:2:**

ക്രിസ്തുയേശുവിന്റെ ക്രൂശിലും ശുശ്രൂഷയിലും ഇത്യാദി സ്വഭാവങ്ങൾ വ്യക്തമായി പ്രകടമായിരുന്നു. അതുകൊണ്ട് ഏതവസ്ഥയിലുമായിരിക്കുന്ന ഭക്തർക്ക് ഈ ക്രിസ്തുവിലുള്ള ഭാവങ്ങൾ മാർഗ്ഗദർശകമായിരിക്കട്ടെ. ഭക്തനായ ഇയ്യോബിലും ക്രിസ്തുവിന്റെ സഹിഷ്ണത പ്രകടമായിരുന്നു (James 5:11). സുവിശേഷത്തിന്റെ സന്ദേശം വിനയത്തിന്റെ സന്ദേശമാണ്.

ആഗ്രഹിക്കുന്ന ഉള്ളങ്ങളിൽ ആനന്ദം നൽകുന്ന സ്നേഹസമ്പൂർണ്ണമായ വാർത്തയാണ് സുവിശേഷം. ലോകം കേട്ട ഏറ്റവും വലിയ സന്ദേശമാണ്, "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു". "നിങ്ങളുടെ ദുഃഖം സന്തോഷമായി തീരും" എന്ന പ്രത്യാശയുടെ സന്ദേശമാണ് സത്യസുവിശേഷം. അതുകൊണ്ട് പ്രിയരേ, ഈ സത്യസുവിശേഷത്തിന്റെ വക്താക്കളായി നമുക്ക് ഓരോരുത്തർക്കും അനേകരെ ക്രിസ്തുവിനോട് നിരപ്പിച്ച് ക്രിസ്തുവിൽ തികഞ്ഞവരാക്കുവാൻ സുവിശേഷ പോർക്കളത്തിൽ ക്രിസ്തുവിന്റെ ഭാവമുള്ളവരായി അണിനിരക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ!




## Congrtulations




## VERSE OF THE MONTH

*"And we know that all things work together for good to those who love God, to those who are called according to His purpose." - Romans 8:28.*

“ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ;
ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം.” 1 Thess. 5:17

## പ്രാർത്ഥനയ്ക്ക്

1. ബഹറിന്റെ ഭരണാധികാരികൾക്കും ജനങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി.
2. ഭാരതത്തിലെ ഭരണാധികാരികൾക്കും, ജനങ്ങൾക്കും, 29 സ്റ്റേറ്റുകളിൽ വിവിധ നിലകളിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി.
3. നമ്മുടെ കേരളത്തിലെ 14 ജില്ലകൾക്കായും അവിടുത്തെ സുവിശേഷപ്രവർത്തനങ്ങൾക്കുമായി.
4. സുവിശേഷം നിമിത്തം തടവറയിൽ ആയിരിക്കുന്ന മിഷനറിമാർക്കായും അവരുടെ കുടുംബത്തിനായും.
5. ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുവാനും എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനും.
6. സുവിശേഷ പ്രവർത്തനങ്ങൾക്കായി സഭയിൽ നിന്നു പോയ എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുക.
7. PMBB യുടെ പ്രവർത്തനങ്ങൾക്കായും അതിന് ചുമതല വഹിക്കുന്ന എല്ലാ ശുശ്രൂഷകൻമാർക്കായും.
8. വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾ, രോഗികളായി ആശുപത്രികളിലായിരിക്കുന്നവർ എന്നിവർക്കായി.
9. For all those who are planning to get married so that they find the right partner.
10. For those who are seeking for a job and looking for a promotion in their current jobs.
11. For those who are under pressure in their job and facing visa and other problems.
12. For our youngsters studying in Schools & Professional Colleges in and out of Bahrain.
13. Pray for Pastor V P Philip and family and his ministry
    Pr. M J David and family | Pr. Jaison and family
    Elders: Madhusoodhan and family | George Mathew and family
    Manoj and family.
14. For Church Council, Office-bearers, Church Choir, Sunday School, PYPA, and Sisters Fellowship.
15. For all who is unwell and need our prayers:
    *Sis. Lillykutty Andrews *Br. Cherian Mathews *Br. Shiju Samuel
    *Sis. Mini Ponnachan *Br. Sterin *Mother of Bindhu Dhaneesh
    *Mother of Sis. Silu Lovinson *Sis. Sanju *Sis. Sheeba (USA)
    *Br. Pradeep (TVM) *Mother of Bro. Tino Kuriakose *Br. Jose Kalayapuram
    *Sis. Manju *Sis. Alphonse * Mother of Bro. Titus Varghese
16. Family way - Sis. Flemy Emmanuel
17. For family blessings.
18. For all other unspoken prayer requests.

## സ്തോത്രത്തിന്

### JULY

### BIRTHDAYS

| | |
|---|---|
| Jul-03 | Alina Sara Binoy |
| Jul-03 | Roy Mathews |
| Jul-04 | Aaron Vinu John |
| Jul-04 | Nevon John Selvin |
| Jul-04 | Blesson John |
| Jul-05 | David M Joseph |
| Jul-05 | Jacob Thomas Joy |
| Jul-07 | Aidan Mathew Titus |
| Jul-10 | Betsy Mathew |
| Jul-10 | Alexandra Sam |
| Jul-15 | Sujith Raju |
| Jul-17 | Jenita Mary |
| Jul-19 | Jubin V Philipose |
| Jul-19 | Elizabeth Prasad |
| Jul-19 | Silu Kurien |
| Jul-20 | George Mathew |
| Jul-20 | Valsamma Abraham |
| Jul-25 | Shajan Mathew |
| Jul-29 | Neena Philip |
| Jul-29 | Titus Samuel |

### WEDDING ANNIVERSARY

| | |
|---|---|
| Jul-1 | Br. Joy Thomas & Sis. Jessy Joy |
| Jul-12 | Br. Salin Meledath & Sis. Jincy Salin |
| Jul-20 | Br. Roy Mathews & Sis. Jaya Roy |
| Jul-21 | Br. Jerin K. Oommen & Sis. Feby Jerin |
| Jul-24 | Br. Akil John Johnson & Sis. Jeslin Akil |



Celebrating a new beginning at the inaugural IPC Bahrain Sunday School session, marking a fresh start for the academic year 2025-2026 on June 5, 2025.




IPC Bahrain proudly launched the new Brothers Prayer Line on Wednesday, June 11, 2025. Join us in fostering a community of faith and support through prayer. Don't miss out on this transformative experience!



IPC Bahrain hosted Family Seminar on June 13, 2025, featuring Bro. Sharlet P. Mathew sharing valuable insights on building a Christ-Centered home.



A moment of reflection and learning as Br. Don Thomas leads an inspiring session hosted by PYPA on June 20, 2025, exploring Peter's journey, transforming failures into victories.